നോൺ ജുഡീഷ്യൽ NON JUDICIAL

₹200 ₹200

കേരള സർക്കാർ
GOVERNMENT OF KERALA
e-Stamp

e-Stamp Serial Number : 202425000002069671 Verification Code : 135857947V

| | |
|---|---|
| Govt. Reference No.(GRN) | : KL039658915202425E |
| Purpose | : Agreement or memorandum of an agreement - if not otherwise provided for |
| Amount of Stamp Paper Purchased in Numeral | : ₹200 |
| Amount of Stamp Paper Purchased in Words | : Rupees Two Hundred |
| Stamp Paper Purchased on | : 07/03/2025 |
| First Party Name | : RAMLATH |
| First Party Address | : VELLAYRMADATHIL HOUSE, CHATHANGOTTUPURAM, PORUR |
| Second Party Name | : RICHARD K M |
| Second Party Address | : KODAKKACHIRA HOUSE, VADAPURAM, MAMPAD |
| Vendor Code & Name | : 15071962 - SOORAJ P |
| Treasury Code & Name | : 1507 - Sub Treasury, Nilambur |

Please write or type below this line

# അനുവാദപത്രം

08-03-2025.ാം തിയ്യതി, നിലമ്പൂർ താലൂക്ക്, പോരൂർ വില്ലേജിൽ, പി.ഒ.ചാത്തങ്ങോട്ടുപുറം-679328 താമസിക്കുന്ന **വെള്ളയൂർമഠത്തിൽ മുഹമ്മദ് മകൻ 1.മമ്മൂട്ടി**, ഭാര്യ **2.റംലത്ത്** എന്നിവർ ഒന്നാംകക്ഷി കളായും, നിലമ്പൂർ താലൂക്ക്, മമ്പാട് അംശം വടപുറം ദേശത്ത്, പി.ഒ.

| ഒന്നാം കക്ഷികൾ | രണ്ടാംകക്ഷി |
|---|---|
| 1. മമ്മൂട്ടി V. m. Mammutty | കെ.എം.റിച്ചാർഡ് ജോസഫ് |
| 2. റംലത്ത് K.P. Ramlath | |

This can be verified by https://www.estamp.treasury.kerala.gov.in/index.php/estamp_search using e-Stamp Serial Number and Verification Code.

In case of any discrepancy, please inform the competent authority.

SOORAJ. P
AG STAMP VEND
NILAMBUR

വടപുറം–676542 താമസിക്കുന്ന **കൊടക്കച്ചിറ വീട്ടിൽ താമസം ജോസഫ് മകൻ 37 വയസ്സ് കെ.എം.റിച്ചാർഡ് ജോസഫ്** എന്നവർ രണ്ടാംകക്ഷിയായും കൂടി എഴുതിയ അനുവാദപത്രം.

ഒന്നാംകക്ഷികളുടെ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള നിലമ്പൂർ താലൂക്ക്, നിലമ്പൂർ അംശം ദേശത്ത് ഉള്ളതായ നിലമ്പൂർ മുൻസിപ്പിലാറ്റിയിലെ **NM.3/685**–ാം നമ്പർ മുറി രണ്ടാംകക്ഷിക്ക് **ഓഫീസ്** നടത്താൻ ഈ അനുവാദ പത്രപ്രകാരം താഴെകാണിച്ച നിബന്ധനകൾക്ക് വിധേയമായി അനുവാദം തന്നിരിക്കുന്നു.

1) ഈ മുറി ഒന്നാംകക്ഷികളുടെ അവകാശത്തിലും അധീനത്തിലും മാത്രം നിൽക്കുന്നതാണ്. രണ്ടാംകക്ഷി മേപ്പടി സ്ഥാപനം നടത്താൻ വേണ്ടി മുറി ഉപയോഗിക്കുവാനുള്ള അനുവാദമില്ലാതെ വേറെ ഒരു നിലക്കും ഉള്ള കൈവശം ഇല്ലാത്തതാകുന്നു.

| **ഒന്നാം കക്ഷികൾ** | **രണ്ടാംകക്ഷി** |
|---|---|
| 1. **മമ്മുട്ടി** V.M. Mammutty | **കെ.എം.റിച്ചാർഡ് ജോസഫ്** |
| 2. **റംലത്ത്** K.P. Ramlath | |

2) ഒന്നാം കക്ഷികൾ രണ്ടാം കക്ഷിയ്ക്ക് കൊടുക്കുന്ന അനുവാദം 2-ാം കക്ഷി സ്വന്തം നിലക്ക് മാത്രമുള്ളതും (purely personal) രണ്ടാം കക്ഷി കയ്യേറുവാനോ വേറെ ഏതെങ്കിലും നിലക്ക് അധീനപ്പെടുത്തുവാനോ പാടില്ലാത്തതും രണ്ടാം കക്ഷി പിൻതുടർച്ചക്കാർക്കോ മറ്റോ ഒരിക്കലും ലഭിക്കാത്തതും (Not Heritable) ആണെന്നും രണ്ടാം കക്ഷി മറ്റൊരു കക്ഷിക്കും മുറി ഏൽപിച്ചു കൊടുക്കുവാൻ പാടില്ലാത്തതുമാണെന്നും രണ്ടാം കക്ഷി സമ്മതിക്കുകയും ചെയ്തിരിക്കുന്നു.

3) ഈ അനുവാദ പത്രപ്രകാരം രണ്ടാം കക്ഷി മേപ്പടി ഓഫീസ് നടത്തുന്നതിന് വേണ്ടി മുറി ഉപയോഗിക്കുന്നതിനുള്ള പരിമിതമായ അവകാശം മാത്രം രണ്ടാം കക്ഷിക്ക് ഉള്ളതല്ലാതെ കെട്ടിടവാടക നിയമപ്രകാരമോ വസ്തു കൈമാറ്റ ആക്ട് പ്രകാരമോ ഉള്ളതായ ഒരു വിധ കുടിയായ്മ അവകാശവും ഇല്ലെന്ന് രണ്ടാം കക്ഷി സമ്മതിക്കുകയും അന്യോന്യം തീരുമാനിക്കുകയും ചെയ്തിരിക്കുന്നു.

4) മുറി രണ്ടാം കക്ഷി ലൈസൻസി എന്ന നിലയ്ക്ക് ഉപയോഗിക്കുന്ന കാലത്ത് രണ്ടാം കക്ഷി ഒന്നാം കക്ഷികൾക്ക് പ്രതിമാസം 6000/ രൂപ (ആറായിരം രൂപ മാത്രം) ലൈസൻസ് ഫീ ആയി തരേണ്ടതും അങ്ങനെ തരുവാൻ രണ്ടാംകക്ഷി ഏൽക്കുകയും ചെയ്തിരിക്കുന്നു. ലൈസൻസ് ഫീ തരുന്നതിൽ വീഴ്ച വരുത്തിയാൽ ഈ അനുവാദ പ്രതം റദ്ദാക്കുന്നതും ആ സമയം ഒന്നാം കക്ഷികൾക്ക് മുറിയിൽ പ്രവേശിക്കാനും രണ്ടാം കക്ഷിയുടെ സാധനസാമഗ്രികൾ വല്ലതും ഉണ്ടെങ്കിൽ ആയതിനെ എടുത്ത് പുറത്തേക്ക് മാറ്റുവാനും സ്വാതന്ത്ര്യവും അധികാരവും ഉള്ളതാ ണെന്നും അതുമൂലം രണ്ടാംകക്ഷിക്ക് ഉണ്ടാകാൻ ഇടയുള്ള വല്ല കഷ്ടനഷ്ടങ്ങൾക്കും ഒന്നാം കക്ഷികൾ ഒരു വിധത്തിലും ഉത്തരവാദിയല്ലെന്നും സമ്മതിച്ചിരിക്കുന്നു.

5) മുറിയുടെ കറന്റ് ചാർജ്, മറ്റ് വിധത്തിലുള്ള നികുതികൾ രണ്ടാംകക്ഷി ഒന്നാംകക്ഷി യുടെ പേരിൽ ബന്ധപ്പെട്ട ഓഫീസുകളിൽ അടച്ച് രസീതി ഒന്നാം കക്ഷിയെ ബോദ്ധ്യപ്പെടുത്തേണ്ടതാണ് എന്നും അങ്ങനെ ചെയ്യാത്തപക്ഷം ഒന്നാം കക്ഷികൾ രണ്ടാംകക്ഷിക്ക് തരുന്ന ഈ അനുവാദ ഉടംപടി റദ്ദായതായി കണക്കാക്കേണ്ടതാണ്.

6) രണ്ടാം കക്ഷി മേപ്പടി ഓഫീസ് നടത്തുവാനുള്ള പരിമിതമായ അനുവാദമല്ലാതെ മുറി ഏതെങ്കിലും വിധത്തിൽ ഭേദഗതി ചെയ്യുവാനോ നാശനഷ്ടപ്പെടുത്തുവാനോ, മാറ്റം വരുത്തുവാനോ മറ്റോ യാതൊരുവിധ അധികാരവും ഇല്ലാത്തതാണ്.

| ഒന്നാം കക്ഷികൾ | രണ്ടാംകക്ഷി |
|---|---|
| 1. മമ്മൂട്ടി V.M. Mammutty | കെ.എം.റിച്ചാർഡ് ജോസഫ് |
| 2. റംലത്ത് K.P. Ramlath | |

നോ രണ്ടാം കക്ഷിക്ക് അധികാരമില്ലാത്തതാണെന്ന് നിശ്ചയിച്ചിരിക്കുന്നു. ഈ ഉടംപടി കേവലം 11 (പതിനൊന്ന് മാസത്തേക്ക് ഉള്ളതാണെന്നും സമ്മതിച്ചിരിക്കുന്നു.

8) മുറിയുടെ സുരക്ഷിതത്വം ഉറപ്പാക്കാനായി 25,000/ ക ( ഇരുപത്തി അയ്യായിരം രൂപ) രണ്ടാംകക്ഷി ഒന്നാം കക്ഷികളെ ഏൽപ്പിച്ചിരിക്കുന്നു. രണ്ടാം കക്ഷി മുറി ഉപയോഗിച്ചിരുന്നത് മൂലമോ, ഇതുമൂലം തരുന്ന അനുവാദം ദുരുപയോഗപ്പെടുത്തുന്നത് മൂലമോ ഒന്നാം കക്ഷികൾക്ക് ഉണ്ടാകാൻ ഇടയുള്ള കഷ്ടനഷ്ടങ്ങൾക്ക് ഈ സംഖ്യയോ അതിന്റെ ഭാഗമോ അതിലേക്ക് വകയാക്കുവാൻ ഒന്നാം കക്ഷിക്ക് അധികാരാവകാശങ്ങൾ ഉള്ളതാണെന്നും അതിനെ ചോദ്യം ചെയ്യാൻ രണ്ടാം കക്ഷിക്ക് അധികാരമില്ലാത്തതാണെന്നും സമ്മതിച്ചിരിക്കുന്നു.

9) ഈ ഉടംപടി പ്രകാരം രണ്ടാം കക്ഷിക്ക് 08-03-2025 മുതൽ 07-02-2026 വരെ ഓഫീസ് നടത്താൻ അനുവദിച്ചുകൊടുത്തിട്ടുള്ളുവെന്നും ഒന്നാം കക്ഷി രണ്ടാം കക്ഷിക്ക് ഓഫീസ് നടത്തുവാൻ വേണ്ടി ഏൽപ്പിച്ച സാധനസാമഗ്രികൾ വല്ലതും ഉണ്ടെങ്കിൽ യാതൊരു കേടുപാടുകളും നാശനഷ്ടങ്ങളും കൂടാതെ തിരിച്ചേൽപ്പിക്കണമെന്നും രണ്ടാം കക്ഷി സമ്മതിച്ചിരിക്കുന്നു. മേൽ കാണിച്ച 07-02-2026 ന് ശേഷം ഏതെങ്കിലും കാരണവശാൽ ഈ അനുവാദ പ്രതം നീട്ടികൊടുക്കുകയാണെങ്കിൽ ആ തീയ്യതി മുതലുള്ള ലൈസൻസ് ഫീയിൽ 07-02-2026 മുതൽ നിലവിലുള്ള ലൈസൻസ് ഫീയുടെ 10% (പത്ത് ശതമാനം) വീതം വർഷംതോറും വാർദ്ധിച്ചു തരുവാനും രണ്ടാം കക്ഷി സമ്മതിച്ചിരിക്കുന്നു.

10) ഈ അനുവാദ പ്രതത്തിൽ ഒന്നാം കക്ഷിക്കാർ എന്നു പറയുന്നതിൽ ഒന്നാം കക്ഷി മാരുടെ പിൻതുടർച്ചക്കാർ (successors in Interest) ഉൾപ്പെടുന്നതാണെന്നും ഇതുമൂലം വ്യക്തമാക്കിയിരിക്കുന്നു. ഇതുപ്രകാരം നിശ്ചയിച്ചും, സമ്മതിച്ചും താഴെ കാണിച്ച സാക്ഷികൾ കാൺകെ ഇരുകക്ഷികളും ഒപ്പിട്ടിരിക്കുന്നു.

ഒന്നാം കക്ഷികൾ | രണ്ടാംകക്ഷി

1. മമ്മൂട്ടി V.M. Mammutty — കെ.എം.റിച്ചാർഡ് ജോസഫ്

2. റംലത്ത് K.P. Ramlath

സാക്ഷികൾ

1.